LIBRARY ARCHIVES Kerala Legislative Assembly

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

224 (591) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഈ സർക്കാർ നൽകിയ ധനസഹായം എത്രയാണെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ് ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2015-16 (ഒക്ടോബർ-2015) വരെയുള്ള കാലയളവിൽ ഈ സർക്കാർ നൽകിയ ധനസഹായത്തിന്റെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2014-15 കാലയളവിലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധം ആയി ചേർക്കുന്നു.*

പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ധനസഹായം

225 (592) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മുൻകാലങ്ങളിൽ നൽകാത്ത വിധം സഹായം നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ 2015-16 (ഒക്ടോബർ-2015) വരെയുള്ള കാലയളവിൽ 839.90 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്.

(ബി&സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉൽപ്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതിക വിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിടുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. വിപണി വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി മാസംതോറും നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി പ്രത്യേക അവലോകന നിരീക്ഷണ സംവിധാനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം തന്നെ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളും സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതിയും സർക്കാർ തലത്തിൽ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു.

എമർജിംഗ് കേരള

226 (593) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതിക്വും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എമർജിംഗ് കേരളയിലൂടെ എത്ര പ്രോജക്ടുകൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) എമർജിംഗ് കേരളയിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപ പദ്ധതികളാണ് ഇതുവരെ നടപ്പിലാക്കാൻ സാധിച്ചത് ;

(സി) എമർജിംഗ് കേരള പദ്ധതിയുടെ ഭാഗമായി സർക്കാർ എത്ര രൂപ ചെലവഴിച്ചു ; വിശദാംശം നൽകുമോ ;

(ഡി) എമർജിംഗ് കേരള പദ്ധതി ഒരു വിജയമായിരുന്നു എന്ന് വിലയിരുത്തുന്നുണ്ടോ ; എങ്കിൽ എന്തുകൊണ്ടാണ് ; വിശദീകരണം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly